# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3437

12-12-2014 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെൽകൃഷി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിശദാംശം താലൂക്കടിസ്ഥാനത്തിൽ നൽകാമോ; | (എ) പാലക്കാട് ജില്ലയിലെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി തലൂക്കടിസ്ഥാനത്തിൽ ഇപ്രകാരമാണ്<br>പാലക്കാട് - 8732 ഹെക്ടർ<br>ആലത്തൂർ - 13005 ഹെക്ടർ<br>ചിറ്റൂർ - 13488 ഹെക്ടർ<br>പട്ടാമ്പി - 1313 ഹെക്ടർ<br>ഒറ്റപ്പാലം - 2218 ഹെക്ടർ<br>മണ്ണാർക്കാട് - 94 ഹെക്ടർ<br>--------------------<br>ആകെ - 38850 ഹെക്ടർ<br>--------------------<br>(ഒരു സീസണിൽ) |
| (ബി) നെൽകർഷകർ കാലികമായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പഠനം നടത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആരാണ് പഠനത്തിന് നേതൃത്വം നൽകിയത്; വിശദാംശം നൽകാമോ; | (ബി) നെൽകർഷകർ കാലികമായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക പഠനം ഒന്നും നടത്തിയിട്ടില്ല. എന്നാൽ കാർഷിക സർവ്വകലാശാല യിലെ ശാസ്ത്രജ്ഞരും കൃഷി ഉദ്യോഗസ്ഥരും കർഷകരും തമ്മിലുള്ള മുഖാമുഖം പരിപാടികളിൽ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും പരിഹാരം കാണുകയും ചെയ്യാറുണ്ട്. കൂടാതെ ജില്ലാകളക്ടർ ചെയർമാനായുള്ള വിവിധ കമ്മറ്റികളിലും ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാറുണ്ട്. |
| (സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് | (സി) നെൽകൃഷിപ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട് സുസ്ഥിര |

കർഷകർക്ക് നൽകി വരുന്നത്; വിശദാംശം നൽകാമോ; 1.7.2011 മുതൽ 31.10.2014 വരെ എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

നെൽകൃഷി പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ആർ.കെ.വി. വൈ പദ്ധതി സൗജന്യ വൈദ്യുതി നെൽകൃഷി ഉല്പാദന ബോണസ് എന്നീ പദ്ധതികൾ നെൽകൃഷിക്കായി നടപ്പിലാക്കി വരുന്നുണ്ട്. 2011-12 മുതൽ 2014-15 വരെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു;

| **2011-12 (പദ്ധതി)** | **തുക (ലക്ഷം രൂപ)** |
|---|---|
| സുസ്ഥിര നെൽകൃഷി വികസനം | 1005.02763 |
| സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി | 15.744 |
| സ്ത്രീ പങ്കാളിത്തത്തോടെ നെൽകൃഷി | 15.60 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 228.28 |
| സൗജന്യ കാർഷിക വൈദ്യുതി | 652.39523 |
| നെൽകൃഷി ഉല്പാദന ബോണസ് | 444.70219 |

| **2012-13** | |
|---|---|
| സുസ്ഥിര നെൽകൃഷി വികസനം | 1465.96306 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 136.73 |
| ആർ.കെ.വി.വൈ നെൽകൃഷി | 1103.2605 |
| തരിശു നില കൃഷി | 14.88412 |
| സൗജന്യ കാർഷിക വൈദ്യുതി | 930.97 |
| നെൽകൃഷി ഉല്പാദന ബോണസ് | 448.12108 |

| **2013-14** | |
|---|---|
| സുസ്ഥിര നെൽകൃഷി | 1408.912 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 88.88 |
| ആർ.കെ.വി.വൈ പദ്ധതി | 2180.69 |
| സൗജന്യ കാർഷിക വൈദ്യുതി | 925.00 |
| നെൽകൃഷി ഉല്പാദന ബോണസ് | 392.699 |

| **2014-15** | |
|---|---|
| സുസ്ഥിര നെൽകൃഷി | 1199.5 |
| ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 193.93 |
| നെൽകൃഷി ഉല്പാദന ബോണസ് | 591.00 |
| സൗജന്യ കാർഷിക വൈദ്യുതി | 1000.00 |
| ആർ.കെ.വി.വൈ നെൽകൃഷി | 2175.00 |
| തരിശു നില കൃഷി | 20.70 |

സെക്ഷൻ ഓഫീസർ.